"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ആലുവ മത്സ്യഭവനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അബ്ദുൾ നിയാസ്.കെ.പി.യ്ക്ക് സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.687/2024/F&P തീയതി,തിരുവനന്തപുരം, 10-10-2024

പരാമർശം:-
1. ശ്രീ.അബ്ദുൾ നിയാസ്.കെ.പി. യുടെ 09-07-2024 തീയതിയിലെ അപേക്ഷ.
2. ഫിഷറീസ് ഡയറക്ടറുടെ 04-09-2024-ലെ DFTVM/2817/2024-A3 നമ്പർ കത്ത്.

**ഉത്തരവ്**

ആലുവ മത്സ്യഭവനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അബ്ദുൾ നിയാസ്.കെ.പി.യ്ക്ക് ഔദ്യോഗിക കൃത്യ നിർവഹണത്തിന്റെ ഭാഗമായി 09/07/2024-ന് മുരിക്കുംപാടം ഹാർബറിനടുത്ത് ബോട്ട് വെരിഫിക്കേഷൻ നടത്തുന്നതിനിടയിൽ വീണതിനെ തുടർന്ന് ഇടതു കൈയുടെ കുഴ തെന്നുകയും തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ച ടിയാന് 09/07/2024 മുതൽ 09/08/2024 വരെ ഡോക്ടർ വിശ്രമം നിർദ്ദേശിച്ചതിൻ പ്രകാരം പ്രസ്തുത കാലയളവിലേക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിക്കുന്നതിനായി ടിയാൻ സമർപ്പിച്ച പരാമർശം (1) അപേക്ഷ ഫിഷറീസ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം സർക്കാറിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ആയതിലേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും, ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ ആണ് പ്രസ്തുത അപകടം ഉണ്ടായത് എന്ന ഓഫീസ് മേലധികാരിയുടെ സാക്ഷ്യപത്രവും സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് വകുപ്പിൽആലുവ മത്സ്യഭവനിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അബ്ദുൾ നിയാസ്.കെ.പി.യ്ക്ക് 09/07/2024 മുതൽ 09/08/2024 വരെ (32 ദിവസം) KSR, Part-1, Rule 97 പ്രകാരം സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ARUNIMA G
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.അബ്ദുൾ നിയാസ്.കെ.പി, ഓഫീസ് അറ്റൻഡന്റ്, മത്സ്യഭവൻ, ആലുവ (ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ശേഖരം(A1/241/2024-F&PD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ